**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1287 07.06.2018 - ൽ മറുപടിക്ക്**

## മങ്കട മണ്ഡലത്തിലെ ഒരോടം പാലം പുനരുദ്ധാരണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം പുനരുദ്ധാരണം നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിശദമാക്കാമോ ; | (എ) മങ്കട മണ്ഡലത്തിലെ ഓരോടം പാലം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പാലത്തിന്റെ അപാകതകൾ പരിശോധന നടത്തിയതിനു ശേഷം പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് മോർത്തിൽ സമർപ്പിച്ചിട്ടുണ്ട്. പാലം പുനർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) ഇല്ല. എസ്റ്റിമേറ്റ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ബ്രിഡ്ജ് ഇൻസ്പെക്ഷൻ യൂണിറ്റ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) താൽകാലികമായി നിലവിലുള്ള പാലം പുനരുദ്ധാരണം ചെയ്യുന്നതിനുവേണ്ടിയാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ബ്രിഡ്ജ് ഇൻസ്പെക്ഷൻ തയ്യാറാക്കിയ റിപ്പോർട്ട്. പാലം പുനർനിർമ്മിക്കുന്നതിന് കാലതാമസമെടുക്കുന്നതിനാൽ നിർമ്മാണം രണ്ടാം ഘട്ടമായി ചെയ്യാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

S Bindu

**സെക്ഷൻ ഓഫീസർ**